भारत का राजपत्र

# THE GAZETTE OF INDIA

ഭാരതത്തിന്റെ ഗസറ്റ്

असाधारण

**EXTRAORDINARY**

അസാധാരണം

भाग XI—अनुभाग I

PART XI—SECTION I

ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित

**Published by Authority**

അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | |
|---|---|---|---|---|---|
| सं० 3202 | नई दिल्ली | गुरुवार | 31, दिसंबर 2020/ | 10, पौष, 1942 (शक) | खण्ड 9 |
| No. 3202 | NEW DELHI | Thursday | 31, December 2020/ | 10, Pousha, 1942 (Saka) | Vol. 9 |
| നമ്പർ 3202 | ന്യൂഡൽഹി | വ്യാഴം | 31, ഡിസംബർ 2020/ | 10, പൌഷം, 1942 (ശക) | വാല്യം 9 |


## MINISTRY OF LAW AND JUSTICE

**(Legislative Department)**

*New Delhi, 15th October, 2019/23rd Aswina, 1941 (Saka).*

The translation in Malayalam of The Petroleum and Minerals Pipelines (Acquisition of Right of User in Land) Act, 1962 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

1962-ലെ പെട്രോളിയവും മിനറലുകളും പൈപ്പുലൈനുകളും (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ആക്റ്റ്-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ആധികാരികപാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. G. NARAYANARAJU,
*Secretary to the Government of India.*

GCPT. 212/9009/ 2020/S-5.

# പെട്രോളിയവും മിനറലുകളും പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ആക്റ്റ്, 1962

## (1962-ലെ 50-ാം നമ്പർ ആക്റ്റ്)

[1][പെട്രോളിയവും മിനറലുകളും കൊണ്ടുപോകുന്നതിനുവേണ്ടി പൈപ്പ്ലൈനുകൾ ഇടുന്നതിന്]
ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശം ആർജ്ജിക്കുന്നതിനും
അതുമായി ബന്ധപ്പെട്ട സംഗതികൾക്കും
വ്യവസ്ഥ ചെയ്യുന്നതിനുള്ള
ഒരു
ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ പതിമൂന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും.—(1) ഈ ആക്റ്റിന് [2][പെട്രോളിയവും മിനറലുകളും പൈപ്പ്ലൈനുകൾ] (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ആക്റ്റ്, 1962 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഇന്ത്യ മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, ആദ്യഘട്ടത്തിൽ പശ്ചിമബംഗാൾ, ബീഹാർ, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ മുഴവനും ഡൽഹി യൂണിയൻ പ്രദേശത്തും ബാധകമാകുന്നതും, ഈ ആക്റ്റ് അങ്ങനെയുള്ള മറ്റ് സംസ്ഥാനത്തിനോ യൂണിയൻ പ്രദേശത്തിനോ ബാധകമാക്കേണ്ടതുമാണെന്ന് കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കാവുന്നതും ആ വിജ്ഞാപനത്തിൽ പ്രത്യേകം പറയാവുന്ന അങ്ങനെയുള്ള തീയതി മുതലും അതിനുശേഷവും ഈ ആക്റ്റിലെ വ്യവസ്ഥകൾ, ആ സംസ്ഥാനത്തോ യൂണിയൻ പ്രദേശത്തോ അതിനനുസൃതമായി ബാധകമാകുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ക്ഷമതയുള്ള അധികാരസ്ഥാനം" എന്നാൽ ഈ ആക്റ്റ് പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ അധികാരസ്ഥാനമോ എന്നർത്ഥമാകുന്നതും [3][ഈ ആക്റ്റ് പ്രകാരം വ്യത്യസ്ത ആളുകളെയോ അധികാരസ്ഥാനങ്ങളെയോ വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതേ പ്രദേശത്തോ വ്യത്യസ്ത പ്രദേശങ്ങളിലോ ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കുന്നതിനായി അധികാരപ്പെടുത്താവുന്നതുമാണ്;]

(ഖ) "കോർപ്പറേഷൻ" എന്നാൽ കേന്ദ്രം, പ്രോവിൻഷ്യൽ അല്ലെങ്കിൽ സംസ്ഥാന ആക്റ്റ് പ്രകാരം സ്ഥാപിതമായ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും, അതിൽ—

(i) കമ്പനികൾ ആക്റ്റ്, 1956 പ്രകാരം രൂപീകൃതമായതും രജിസ്റ്റർ ചെയ്തതുമായ ഒരു കമ്പനി; കൂടാതെ

(ii) ഭാരതത്തിന്റെ ഏതെങ്കിലും ഭാഗത്ത് മുൻപ് നിലവിലുണ്ടായിരുന്ന കമ്പനികളെ സംബന്ധിക്കുന്ന ഏതെങ്കിലും നിയമപ്രകാരം രൂപീകൃതമായതും രജിസ്റ്റർ ചെയ്തതുമായ ഒരു കമ്പനി, ഉൾപ്പെടുന്നതുമാകുന്നു.

---

[1] പെട്രോളിയം പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ലെ 2-ാം വകുപ്പുപ്രകാരം "പെട്രോളിയം പൈപ്പ്ലൈനുകൾ ഇടുന്നതിനും" എന്ന വാക്കുകൾക്കുപകരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[2] മേൽപ്പറഞ്ഞ ആക്റ്റ് 3-ാം വകുപ്പുപ്രകാരം "പെട്രോളിയം പൈപ്പ്ലൈനുകൾ" എന്ന വാക്കുകൾക്കുപകരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[3] പെട്രോളിയം പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ലെ 4-ാം വകുപ്പുപ്രകാരം അവസാന ഭാഗം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[1][(ഖക) ''മിനറൽസ്'' എന്നതിന് അവയ്ക്ക് മൈൻസ് ആക്റ്റ്, 1952 (1952-ലെ 35)-ൽ പ്രസ്താവിച്ചിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതും അതിൽ മിനറൽ ഓയിലുകളും സ്റ്റൗവ്വിംഗ് സാന്റും ഉൾപ്പെടുന്നതും എന്നാൽ പെട്രോളിയം ഉൾപ്പെടാത്തതുമാകുന്നു;]

(ഗ) ''പെട്രോളിയം'' എന്നതിന് പെട്രോളിയം ആക്റ്റ്, 1934 (1934-ലെ 30)-ലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതും അതിൽ പ്രകൃതിവാതകവും റിഫൈനറി വാതകവും ഉൾപ്പെടുന്നതുമാകുന്നു;

(ഘ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

3. ആർജ്ജനത്തിനുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം.—(1) കേന്ദ്ര സർക്കാരിന്, പെട്രോളിയമോ [2][ഏതെങ്കിലും മിനറലോ] ഒരു പ്രദേശത്തുനിന്ന് മറ്റൊരു പ്രദേശത്തേക്ക് കൊണ്ടുപോകുന്നതിന്, ആ സർക്കാരിനോ, ഏതെങ്കിലും സംസ്ഥാന സർക്കാരിനോ ഒരു കോർപ്പറേഷനോ പൈപ്പ്ലൈനുകൾ ഇടാവുന്നതാണെന്നും അങ്ങനെയുള്ള പൈപ്പ്ലൈനുകൾ ഇടുന്ന ആവശ്യത്തിനായി, അങ്ങനെയുള്ള പൈപ്പ്ലൈനുകൾ ഏത് ഭൂമിക്ക് അടിയിൽ കൂടിയാണോ ഇടാവുന്നത് അതിലുള്ള ഉപയോക്താവിന്റെ അവകാശം ആർജ്ജിക്കുന്നത് ആവശ്യമാണെന്നും, പൊതുജന താൽപ്പര്യാർത്ഥം ആവശ്യമെന്ന് തോന്നുമ്പോഴെല്ലാം, അതിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഉപയോക്താവിന്റെ അതിലുള്ള അവകാശം ആർജ്ജിക്കുന്നതിനുള്ള അതിന്റെ ഉദ്ദേശ്യം പ്രഖ്യാപിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും ഭൂമിയുടെ ഒരു സംക്ഷിപ്ത വിവരണം നൽകേണ്ടതാണ്.

(3) ക്ഷമതയുള്ള അധികാരസ്ഥാനം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള രീതിയിലും വിജ്ഞാപനത്തിന്റെ സാരാംശം പ്രസിദ്ധീകരിപ്പിക്കേണ്ടതാണ്.

4. പ്രവേശിക്കുക, സർവ്വേ നടത്തുക മുതലായവയ്ക്കുള്ള അധികാരം.—(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന്മേൽ, പെട്രോളിയമോ [3][ഏതെങ്കിലും മിനറലോ] കൊണ്ടുപോകുന്നതിനായി പൈപ്പ്ലൈനുകൾ ഇടുന്നതിന് ഉദ്ദേശിക്കുന്ന കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ കോർപ്പറേഷനോ അധികാരപ്പെടുത്തുന്ന ഏതൊരാളും അയാളുടെ, ജോലിക്കാരും പണിക്കാരും—

(ക) വിജ്ഞാപനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ പ്രവേശിക്കുന്നതും സർവ്വേ നടത്തുന്നതും ലെവലുകൾ എടുക്കുന്നതും;

(ഖ) അടിമണ്ണിലേക്ക് കുഴിക്കുന്നതും അല്ലെങ്കിൽ തുരക്കുന്നതും;

(ഗ) ജോലിയുടെ ഉദ്ദിഷ്ട പരിധി അടയാളപ്പെടുത്തി മാറ്റുന്നതും;

(ഘ) അടയാളങ്ങൾ ഇട്ടുകൊണ്ടും ചാലുകൾ കീറിക്കൊണ്ടും അങ്ങനെയുള്ള ലെവലുകളും അതിരുകളും പരിധിയും അടയാളപ്പെടുത്തുന്നതും;

(ങ) മറ്റുവിധത്തിൽ സർവ്വേ പൂർത്തിയാക്കുന്നതിനും ലെവലുകൾ എടുക്കുന്നതിനും അതിരുകളും പരിധിയും അടയാളപ്പെടുത്തുന്നതിനും സാധിക്കാത്തിടത്ത്, നിലവിലുള്ള ഏതെങ്കിലും വിളയുടെയോ വേലിയുടെയോ കാടിന്റെയോ ഏതെങ്കിലും ഭാഗം വെട്ടുന്നതും നീക്കം ചെയ്യുന്നതും; കൂടാതെ

(ച) ഭൂമിക്കടിയിൽക്കൂടി പൈപ്പ്ലൈനുകൾ ഇടാൻ കഴിയുമോ എന്ന് നിശ്ചയിക്കുന്നതിന് ആവശ്യമായ മറ്റെല്ലാ പ്രവർത്തികളും ചെയ്യുന്നതും,

നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ ഈ വകുപ്പ് പ്രകാരം ഏതെങ്കിലും അധികാരം വിനിയോഗിക്കുമ്പോൾ, അങ്ങനെയുള്ള ആളോ അങ്ങനെയുള്ള ആളിന്റെ ഏതെങ്കിലും ജോലിക്കാരനോ പണിക്കാരനോ അങ്ങനെയുള്ള ഭൂമിക്ക് കഴിയുന്നത്ര കുറച്ച് മാത്രമേ നാശമോ ക്ഷതിയോ വരുത്തുവാൻ പാടുള്ളു.

5. ആക്ഷേപങ്ങൾ കേൾക്കൽ.—(1) ഭൂമിയിൽ അവകാശമുള്ള ഏതൊരാൾക്കും ഭൂമിക്കടിയിൽകൂടി പൈപ്പ്ലൈനുകൾ ഇടുന്നതിന് 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ ഇരുപത്തിയൊന്ന് ദിവസങ്ങൾക്കകം ആക്ഷേപം ഉന്നയിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ ആക്ഷേപവും ക്ഷമതയുള്ള അധികാരസ്ഥാനത്തിന് രേഖാമൂലം നൽകേണ്ടതും അതിന്റെ കാരണങ്ങൾ വിശദീകരിക്കേണ്ടതും ക്ഷമതയുള്ള അധികാരസ്ഥാനം ആക്ഷേപം ഉന്നയിച്ച ആളെ നേരിട്ടോ ഒരു അഭിഭാഷകൻ മുഖേനയോ കേൾക്കപ്പെടാനുള്ള ഒരു അവസരം നൽകേണ്ടതും, അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും കേട്ടതിനുശേഷവും ആ അധികാരസ്ഥാനത്തിന് ആവശ്യമെന്ന് തോന്നുന്ന പ്രകാരം അങ്ങനെയുള്ള തുടരന്വേഷണം ഏതെങ്കിലുമുണ്ടെങ്കിൽ അത് നടത്തയതിനുശേഷവും, ഉത്തരവ് മുഖേന, ആക്ഷേപങ്ങൾ അനുവദിക്കുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതുമാണ്.

---

[1] പെട്രോളിയം പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ലെ 4-ാം വകുപ്പുപ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[2] മേൽപ്പറഞ്ഞ ആക്റ്റ് 5-ാം വകുപ്പുപ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[3] പെട്രോളിയം പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ലെ 4-ാം വകുപ്പുപ്രകാരം അവസാന ഭാഗത്ത് ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

(3) (2)-ാം ഉപവകുപ്പ് പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനം പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും അന്തിമമായിരിക്കേണ്ടതാണ്.

**6.** ഉപയോക്താവിന്റെ അവകാശ ആർജ്ജനത്തിന്റെ പ്രഖ്യാപനം.—(1) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം യാതൊരു ആക്ഷേപങ്ങളും അതിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കാലയളവിനുള്ളിൽ ക്ഷമതയുള്ള അധികാരസ്ഥാനത്തിന് നൽകാതിരിക്കുന്നിടത്തും അല്ലെങ്കിൽ ആ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനം ആക്ഷേപങ്ങൾ അനുവദിക്കാതിരിക്കുന്നിടത്തും, ആ അധികാരസ്ഥാനം കഴിയാവുന്നത്ര വേഗത്തിൽ [1][കേന്ദ്ര സർക്കാരിന്, ആ സർക്കാരിന്റെ തീരുമാനത്തിനായി അദ്ദേഹം നടത്തിയ നടപടിക്രമങ്ങളുടെ റിക്കാർഡ് സഹിതം, ആക്ഷേപങ്ങളിന്മേലുള്ള അദ്ദേഹത്തിന്റെ ശിപാർശകളടങ്ങിയ, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള വിജ്ഞാപനത്തിൽ വിവരിക്കുന്ന ഭൂമിയെ സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകേണ്ടതും അല്ലെങ്കിൽ അങ്ങനെയുള്ള ഭൂമിയുടെ വ്യത്യസ്ത ഭാഗങ്ങളെപ്പറ്റിയുള്ള വ്യത്യസ്ത റിപ്പോർട്ട് നൽകേണ്ടതും] അങ്ങനെയുള്ള റിപ്പോർട്ട് ലഭിച്ചതിന്മേൽ, കേന്ദ്ര സർക്കാർ, [2][അങ്ങനെയുള്ള ഭൂമി പെട്രോളിയമോ ഏതെങ്കിലും മിനറലോ കൊണ്ടുപോകുന്നതിനായി ഏതെങ്കിലും പൈപ്പ്‌ലൈൻ ഇടുന്നതിന് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ] ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി പൈപ്പ്‌ലൈനുകൾ ഇടുന്നതിന് ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശം ആർജ്ജിക്കണമെന്ന് പ്രഖ്യാപിക്കേണ്ടതും [3][ഈ വകുപ്പുപ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനം നൽകിയ ഒരു റിപ്പോർട്ടെന്നോ വ്യത്യസ്ത റിപ്പോർട്ടുകളെന്നോ കണക്കിലെടുക്കാതെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ വിവരിക്കുന്ന ഭൂമിയുടെ വ്യത്യസ്ത ഭാഗങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ വ്യത്യസ്ത പ്രഖ്യാപനങ്ങൾ നടത്താവുന്നതുമാണ്].

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന്മേൽ [4][അതിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഭൂമിയിലുള്ള] ഉപയോക്താവിന്റെ അവകാശം എല്ലാ കടബാദ്ധ്യതകളിൽനിന്നും വിമുക്തമായി പൂർണ്ണമായും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായിരിക്കേണ്ടതാണ്.

(3) ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും എന്നാൽ ആ വിജ്ഞാപനത്തിന്റെ തീയതി മുതൽ ഒരു വർഷക്കാലയളവിനുള്ളിൽ [5][ഈ വകുപ്പു പ്രകാരം ആ വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന ഭൂമിയുടെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ച് യാതൊരു പ്രഖ്യാപനവും പ്രസിദ്ധീകരിക്കാതിരിക്കുകയും] ചെയ്യുന്നിടത്ത് ആ കാലയളവ് അവസാനിക്കുന്ന ആ വിജ്ഞാപനത്തിന് പ്രാബല്യ മില്ലാതായിത്തീരുന്നതാണ്.

[6][(3ക) പെട്രോളിയം പൈപ്പ്‌ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ന്റെ പ്രാരംഭത്തിനുശേഷം പ്രസിദ്ധീകരിച്ച 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച യാതൊരു പ്രഖ്യാപനവും, അങ്ങനെയുള്ള പ്രസിദ്ധീകരണ തീയതി മുതൽ മൂന്നുവർഷക്കാലാവധിക്കുശേഷം നടത്തുവാൻ പാടുള്ളതല്ല.]

(4) (2)-ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, കേന്ദ്ര സർക്കാരിന്, ചുമത്തുന്നത് അനുയോജ്യ മെന്ന് അതിനു തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിൻമേലും, പൈപ്പ് ലൈനുകൾ ഇടുന്നതിന് ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുപകരം പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്ന തീയതിയിലോ ആ നിർദ്ദേശത്തിൽ പ്രത്യേകം പറയാവുന്ന അങ്ങനെയുള്ള മറ്റു തീയതിയിലോ പൈപ്പ്‌ലൈനുകൾ ഇടാൻ ഉദ്ദേശിക്കുന്ന സംസ്ഥാന സർക്കാരിലോ കോർപ്പറേഷനിലോ നിക്ഷിപ്തമാക്കേണ്ടതാണെന്ന് രേഖാമൂലമുള്ള ഉത്തരവുവഴി നിർദ്ദേശിക്കാവുന്നതും അതിനുശേഷം അങ്ങനെയുള്ള ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശം, അപ്രകാരം ചുമത്തപ്പെട്ട നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി എല്ലാ കടബാദ്ധ്യതകളിൽ നിന്നും വിമുക്തമാക്കി, അതതുസംഗതിപോലെ, ആ സംസ്ഥാന സർക്കാരിലോ കോർപ്പറേഷനിലോ നിക്ഷിപ്തമാക്കേണ്ടതുമാണ്.

---

[1] പെട്രോളിയം പൈപ്പ്‌ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ലെ 7-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കുപകരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[2] മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[3] മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[4] മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[5] മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

[6] മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

7. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ കോർപ്പറേഷനോ പൈപ്പ്ലൈനുകൾ ഇടണമെന്ന്.—(1) 6-ാം വകുപ്പ് പ്രകാരം ഉപയോക്താവിന്റെ ഏതെങ്കിലും ഭൂമിയിലുള്ള അവകാശം കേന്ദ്ര സർക്കാരിലോ ഏതെങ്കിലും സംസ്ഥാന സർക്കാരിലോ കോർപ്പറേഷനിലോ നിക്ഷിപ്തമായിരിക്കുന്നിടത്ത്,—

(i) കേന്ദ്ര സർക്കാരോ അങ്ങനെയുള്ള സംസ്ഥാന സർക്കാരോ കോർപ്പറേഷനോ, അതതുസംഗതിപോലെ, അധികാരപ്പെടുത്തിയ ഏതൊരാളും അയാളുടെ ജോലിക്കാരും പണിക്കാരും ആ ഭൂമിയിൽ പ്രവേശിക്കുന്നതും പൈപ്പ്ലൈനുകൾ ഇടുന്നതും അല്ലെങ്കിൽ പൈപ്പ്ലൈനുകൾ ഇടുന്നതിനാവശ്യമായ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുന്നതും നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ യാതൊരു പൈപ്പ്ലൈനും,—

(ക) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതിക്ക് തൊട്ടുമുൻപ് പാർപ്പിട ആവശ്യങ്ങൾക്കായി ഉപയോഗിച്ച ഏതെങ്കിലും ഭൂമിക്ക്;

(ഖ) മേൽപ്പറഞ്ഞ തീയതിക്ക് തൊട്ടുമുൻപ് നിലവിലുണ്ടായിരുന്ന ഏതെങ്കിലും സ്ഥിരമായ പണിപ്പാട് നിലകൊള്ളുന്ന ഏതെങ്കിലും ഭൂമിക്ക്;

(ഗ) ഒരു വാസഗൃഹത്തിനോട് ചേർന്നുള്ള ഏതെങ്കിലും ഭൂമിക്ക്; അല്ലെങ്കിൽ

(ഘ) ഉപരിതലത്തിൽ നിന്നും ഒരു മീറ്റർ കുറവ് ആഴമുള്ള ഏതെങ്കിലും ഭൂമിക്ക്; [1][***] അടിയിൽക്കൂടി ഇടാൻ പാടുള്ളതല്ല.

[2][(iക) പെട്രോളിയം കൊണ്ടുപോകുന്നതിന് പൈപ്പ്ലൈനുകൾ ഇടുന്നതിനായി, കേന്ദ്രസർക്കാരോ അങ്ങനെയുള്ള സംസ്ഥാന സർക്കാരോ കോർപ്പറേഷനോ അധികാരപ്പെടുത്തിയ ഏതൊരാളും ഏതെങ്കിലും മിനറൽ കൊണ്ടുപോകുന്നതിനായി പൈപ്പ്ലൈനുകൾ ഇടുന്നതിന് അങ്ങനെയുള്ള ഭൂമി ഉപയോഗിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതും ഏതെങ്കിലും മിനറൽ കൊണ്ടുപോകുന്നതിനായി പൈപ്പ്ലൈനുകൾ ഇടുന്നതിന് ഉപയോക്താവിന്റെ ഏതെങ്കിലും ഭൂമിയിലുള്ള അവകാശം അപ്രകാരം നിക്ഷിപ്തമാക്കിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആൾ, പെട്രോളിയമോ മറ്റേതെങ്കിലും മിനറലോ കൊണ്ടുപോകുന്നതിനായി പൈപ്പ്ലൈനുകൾ ഇടുന്നതിന് അങ്ങനെയുള്ള ഭൂമി ഉപയോഗിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതുമാണ്, കൂടാതെ]

(ii) അങ്ങനെയുള്ള ഭൂമി പൈപ്പ്ലൈനുകൾ ഇടുന്നതിനും അങ്ങനെയുള്ള ഏതെങ്കിലും പൈപ്പ്ലൈനുകൾ സംരക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും കേടുപാടുകൾ തീർക്കുന്നതിനും മാറ്റം വരുത്തുന്നതിനും അല്ലെങ്കിൽ നീക്കം ചെയ്യുന്നതിനും അല്ലെങ്കിൽ മേൽപ്പറഞ്ഞ ഏതെങ്കിലും ഉദ്ദേശ്യങ്ങൾക്ക് ആവശ്യമായ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനും അല്ലെങ്കിൽ അങ്ങനെയുള്ള പൈപ്പുലൈനുകളുടെ ഉപയോഗത്തിനുംവേണ്ടി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.

(2) (1)-ാം ഉപവകുപ്പിന്റെ (i)-ാം ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിലെ (ഖ) ഖണ്ഡികയിലോ (ഗ) ഖണ്ഡികയിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച് ഏതെങ്കിലും തർക്കം ഉത്ഭവിക്കുകയാണെങ്കിൽ, ക്ഷമതയുള്ള അധികാരസ്ഥാനത്തിന് ആ തർക്കം റഫർ ചെയ്യേണ്ടതും അതിന്മേലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

8. പരിശോധന മുതലായവയ്ക്കായി ഭൂമിയിൽ പ്രവേശിക്കാനുള്ള അധികാരം.—ഏതെങ്കിലും പൈപ്പ്ലൈനുകൾ സംരക്ഷിക്കുന്നതിനോ പരിശോധിക്കുന്നതിനോ കേടുപാടുകൾ തീർക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ നീക്കം ചെയ്യുന്നതിനോ അല്ലെങ്കിൽ പൈപ്പ്ലൈനുകളുടെ ഉപയോഗത്തിന് ആവശ്യമായ മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ അല്ലെങ്കിൽ മേൽപ്പറഞ്ഞ ഏതെങ്കിലും ഉദ്ദേശ്യങ്ങൾക്കായി ഏതെങ്കിലും പരിശോധനയോ അളവെടുക്കലോ നടത്തുന്നതിനോ, അതതുസംഗതിപോലെ, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ കോർപ്പറേഷനോ ഇതിനായി അധികാരപ്പെടുത്തിയ ഏതൊരാൾക്കും, ഏത് ഭൂമിക്കടിയിൽ കൂടിയാണോ പൈപ്പ്ലൈനുകൾ ഇട്ടിട്ടുള്ളത് അതിന്റെ കൈവശക്കാരന് ന്യായമായ നോട്ടീസ് നൽകിയശേഷം, ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള പണിക്കാരോടും സഹായികളോടും കൂടെ അതിൽ പ്രവേശിക്കാവുന്നതുമാണ്:

1 പെട്രോളിയം പൈപ്പ് ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ലെ 8-ാം വകുപ്പുപ്രകാരം "കൂടാതെ" എന്ന വാക്ക് വിട്ടുകളഞ്ഞു (3-2-1977 മുതൽ പ്രാബല്യം).

2 മേൽപ്പറഞ്ഞ ആക്റ്റും വകുപ്പും പ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

എന്നാൽ ഒരു അടിയന്തര ആവശ്യം നിലനിൽക്കുന്നുവെന്ന് അങ്ങനെയുള്ള ആൾക്ക് ബോദ്ധ്യപ്പെടുന്നിടത്ത്, അങ്ങനെയുള്ള യാതൊരു നോട്ടീസും ആവശ്യമില്ലാത്തതാകുന്നു:

എന്നിരുന്നാലും ഈ വകുപ്പ് പ്രകാരം ഏതെങ്കിലും അധികാരം വിനിയോഗിക്കുമ്പോൾ, അങ്ങനെയുള്ള ആളോ അങ്ങനെയുള്ള ആളിന്റെ ഏതെങ്കിലും പണിക്കാരനോ സഹായിയോ അങ്ങനെയുള്ള ഭൂമിയിൽ കഴിയാവുന്നത്ര കുറച്ച് മാത്രമേ നാശമോ ക്ഷതിയോ വരുത്തുവാൻ പാടുള്ളൂ.

9. ഭൂമിയുടെ ഉപയോഗം സംബന്ധിച്ച നിയന്ത്രണങ്ങൾ.—(1) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏത് ഭൂമിയെ സംബന്ധിച്ചാണോ ഒരു പ്രഖ്യാപനം നടത്തിയിട്ടുള്ളത് അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതിക്ക് തൊട്ടുമുൻപ് ഏത് ഉദ്ദേശ്യത്തിനായാണോ ഭൂമി ഉപയോഗിച്ചിരുന്നത് അതിനായി അങ്ങനെയുള്ള ഭൂമി ഉപയോഗിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഉടമസ്ഥനോ കൈവശക്കാരനോ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രഖ്യാപനത്തിനുശേഷം, ആ ഭൂമിയിൽ,—

(i) ഏതെങ്കിലും കെട്ടിടമോ മറ്റേതെങ്കിലും പണിപ്പാടോ നിർമ്മിക്കുന്നതിനോ;

(ii) ഏതെങ്കിലും ടാങ്കോ കിണറോ ജലസംഭരണിയോ അണക്കെട്ടോ നിർമ്മിക്കുന്നതിനോ കുഴിക്കുന്നതിനോ; അല്ലെങ്കിൽ

(iii) ഏതെങ്കിലും മരം നടുന്നതിനോ,

പാടുള്ളതല്ല.

(2) ഏതെങ്കിലും പൈപ്പ്ലൈനുകൾ ഏത് ഭൂമിക്കടിയിൽ കൂടിയാണോ ഇട്ടിട്ടുള്ളത് അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ഏതെങ്കിലും രീതിയിൽ പൈപ്പ്ലൈനിന് ഏതെങ്കിലും നാശം, എന്തുതന്നെയായാലും വരുത്തുന്നതോ വരുത്തുവാൻ ഇടയാക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ ഏതെങ്കിലും പ്രവൃത്തി ചെയ്യുവാൻ അനുവദിക്കുന്നതിനോ പാടുള്ളതല്ല.

[1][(3) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഏത് ഭൂമിയെ സംബന്ധിച്ചാണോ ഒരു പ്രഖ്യാപനം നടത്തിയിട്ടുള്ളത് അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ആ ഭൂമിയിൽ,—

(ക) ഏതെങ്കിലും കെട്ടിടമോ മറ്റേതെങ്കിലും പണിപ്പാടോ നിർമ്മിക്കുകയോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും കിണറോ ടാങ്കോ ജലസംഭരണിയോ അണക്കെട്ടോ നിർമ്മിക്കുകയോ കുഴിക്കുകയോ; അല്ലെങ്കിൽ

(ഗ) ഏതെങ്കിലും മരം നടുകയോ,

ചെയ്യുന്നിടത്ത്, ഏത് ജില്ലാ ജഡ്ജിയുടെ തദ്ദേശനിയന്ത്രണത്തിലുള്ള കോടതിയുടെ അധികാര പരിധിയിലാണോ അങ്ങനെയുള്ള ഭൂമി സ്ഥിതിചെയ്യുന്നത്, ക്ഷമതയുള്ള അധികാരസ്ഥാനം അതിന് നൽകിയ ഒരു അപേക്ഷയിൻമേലും അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയതിനുശേഷവും കെട്ടിടമോ പണിപ്പാടോ ജലസംഭരണിയോ അണക്കെട്ടോ മരമോ നീക്കം ചെയ്യപ്പെടേണ്ടതിനോ കിണർ അല്ലെങ്കിൽ ടാങ്ക് നികത്തേണ്ടതിനോ ഇടയാക്കാവുന്നതും അങ്ങനെയുള്ള നീക്കം ചെയ്യലിന്റെയോ നികത്തലിന്റെയോ ചെലവ്, അങ്ങനെയുള്ള ചെലവ് വസൂലാക്കുന്നതിനുള്ള ഉത്തരവ് ആ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രി എന്നപോലെ അതേ രീതിയിൽ അങ്ങനെയുള്ള ഉടമസ്ഥനിലോ കൈവശക്കാരനിലോ നിന്നും വസൂലാക്കപ്പെടേണ്ടതുമാണ്.]

---

[1] പെട്രോളിയം പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13)-ലെ 9-ാം വകുപ്പുപ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

10. നഷ്ടപരിഹാരം.—(1) 4-ാം വകുപ്പിനാലോ 7-ാം വകുപ്പിനാലോ 8-ാം വകുപ്പിനാലോ നൽകപ്പെട്ട അധികാരങ്ങൾ ഏതൊരാളും വിനിയോഗിക്കുന്നതിൽ, ഏത് ഭൂമിക്കടിയിൽ കൂടിയാണോ പൈപ്പ്ലൈൻ ഇടാൻ ഉദ്ദേശിക്കുന്നത് അല്ലെങ്കിൽ ഇട്ടുകൊണ്ടിരിക്കുന്നത് അല്ലെങ്കിൽ ഇട്ടിട്ടുള്ളത്, അതിൽ താല്പര്യമുള്ള ഏതൊരാൾക്കും ഏതെങ്കിലും നാശമോ നഷ്ടമോ ക്ഷതിയോ സംഭവിച്ചിട്ടുള്ളിടത്ത്, അതതുസംഗതിപോലെ, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ കോർപ്പറേഷനോ അങ്ങനെയുള്ള ആൾക്ക് അങ്ങനെയുള്ള നാശത്തിനോ നഷ്ടത്തിനോ ക്ഷതിക്കോ നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യസ്ഥമായിരിക്കേണ്ടതും ആയതിന്റെ തുക ആദ്യ ഘട്ടത്തിൽ ക്ഷമതയുള്ള അധികാരസ്ഥാനം അതിനുള്ള തുക നിശ്ചയിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനം നിശ്ചയിച്ച നഷ്ടപരിഹാരത്തുക ഇരുകക്ഷികളിൽ ആർക്കെങ്കിലും സ്വീകാര്യമല്ലെങ്കിൽ, ഏത് ജില്ലാ ജഡ്ജിയുടെ നിയന്ത്രണത്തിലുള്ള അധികാരപരിധിയിലാണോ, ഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ സ്ഥിതിചെയ്യുന്നത് ആ ജില്ലാ ജഡ്ജി അദ്ദേഹത്തിന് ഇരുകക്ഷികളിൽ ആരുടെയെങ്കിലും അപേക്ഷയിന്മേൽ, നഷ്ടപരിഹാരത്തുക നിശ്ചയിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പോ പ്രകാരം ക്ഷമതയുള്ള അധികാരസ്ഥാനമോ ജില്ലാ ജഡ്ജിയോ, അതതുസംഗതിപോലെ, നഷ്ടപരിഹാരത്തുക നിശ്ചയിക്കുമ്പോൾ, ഭൂമിയിൽ താല്പര്യമുള്ള ഏതെങ്കിലും ആൾക്ക്,—

(i) 4-ാം വകുപ്പോ 7-ാം വകുപ്പോ 8-ാം വകുപ്പോ പ്രകാരം ഉള്ള അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ, ആ ഭൂമിയിൽ മരങ്ങളോ നിലവിലുള്ള വിളകളോ ഏതെങ്കിലുമുണ്ടെങ്കിൽ, അവ നീക്കം ചെയ്യുന്നതിന്റെയോ;

(ii) അങ്ങനെയുള്ള ആൾക്ക് സ്വന്തമായിട്ടുള്ളതോ അയാളുടെ കൈവശത്തിലുള്ളതോ ആയ മറ്റ് ഭൂമികളിൽ നിന്നും ഏത് ഭൂമിക്കടിയിൽ കൂടിയാണോ പൈപ്പ്ലൈൻ ഇട്ടിട്ടുള്ളത് അത് താത്കാലികമായി വേർപെടുത്തുന്നതിന്റെയോ; അല്ലെങ്കിൽ

(iii) അങ്ങനെയുള്ള ആളിന്റെ മറ്റേതെങ്കിലും വസ്തുവിന്, സ്ഥാവരമോ ജംഗമമോ ആയാലും അല്ലെങ്കിൽ സമ്പാദ്യങ്ങൾക്ക് മറ്റേതെങ്കിലും രീതിയിൽ ഉണ്ടാകുന്ന ക്ഷതിയുടെയോ, കാരണത്താൽ സംഭവിക്കുന്ന നാശത്തിനോ നഷ്ടത്തിനോ അർഹമായ പരിഗണന നൽകേണ്ടതാണ്:

എന്നാൽ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിൽ, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതിക്കുശേഷം ഭൂമിയിൽ ഉണ്ടാക്കിയ ഏതെങ്കിലും പണിപ്പാടിന്റെയോ മെച്ചപ്പെടുത്തലിന്റെയോ യാതൊരു കണക്കും എടുക്കുവാൻ പാടുള്ളതല്ല.

(4) ഉപയോക്താവിന്റെ ഏതെങ്കിലും ഭൂമിയിലുള്ള അവകാശം കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ കോർപ്പറേഷനിലോ നിക്ഷിപ്തമായിരിക്കുന്നിടത്ത്, അതതുസംഗതിപോലെ, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ കോർപ്പറേഷനോ (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട നഷ്ടപരിഹാരം ഏതെങ്കിലുമുണ്ടെങ്കിൽ അതിനുപുറമെ, അങ്ങനെയുള്ള നിക്ഷിപ്തമാക്കലിന്റെ കാരണത്താൽ ആ ഭൂമിയിലുള്ള അനുഭവാവകാശം എന്തുതന്നെയായാലും ഏതെങ്കിലും രീതിയിൽ ബാധിച്ചിട്ടുള്ള ഉടമസ്ഥനും മറ്റേതെങ്കിലും ആൾക്കും, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിന്റെ തീയതിയിൽ, ആ ഭൂമിയുടെ കമ്പോളവിലയുടെ പത്ത് ശതമാനം കണക്കാക്കി നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(5) ക്ഷമതയുള്ള അധികാരസ്ഥാനം മേൽപ്പറഞ്ഞ തീയതിയിലെ ഭൂമിയുടെ കമ്പോളവില നിശ്ചയിക്കേണ്ടതും ആ അധികാരസ്ഥാനം അപ്രകാരം നിശ്ചയിച്ച വില ഇരുകക്ഷികളിൽ ആർക്കെങ്കിലും സ്വീകാര്യമല്ലെങ്കിൽ, അത് ഇരുകക്ഷികളിൽ ആരുടെയെങ്കിലും (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ജില്ലാ ജഡ്ജി മുൻപാകെയുള്ള അപേക്ഷയിന്മേൽ ആ ജില്ലാ ജഡ്ജി നിശ്ചയിക്കേണ്ടതുമാണ്.

(6) ജില്ലാ ജഡ്ജിയുടെ (2)-ാം ഉപവകുപ്പ് അല്ലെങ്കിൽ (5)-ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്.

11. നഷ്ടപരിഹാരം നിക്ഷേപിക്കലും നൽകലും.—(1) 10-ാം വകുപ്പ് പ്രകാരം നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരത്തുക, അതതുസംഗതിപോലെ, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ കോർപ്പറേഷനോ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും ക്ഷമതയുള്ള അധികാരസ്ഥാനത്ത് നിക്ഷേപിക്കേണ്ടതാണ്.

(2) നഷ്ടപരിഹാരത്തുക (1)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ നിക്ഷേപിച്ചില്ലെങ്കിൽ, അതതുസംഗതിപോലെ, കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ കോർപ്പറേഷനോ നഷ്ടപരിഹാരം നിക്ഷേപിക്കേണ്ടിയിരുന്ന തീയതി മുതൽ യഥാർത്ഥ നിക്ഷേപ തീയതി വരെ അതിൻമേൽ പ്രതി വർഷം ആറ് ശതമാനം നിരക്കിൽ പലിശ നൽകുന്നതിന് ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം നഷ്ടപരിഹാരം നിക്ഷേപിച്ചതിനുശേഷം, കഴിയുന്നത്രവേഗം ക്ഷമതയുള്ള അധികാരസ്ഥാനം, അതതുസംഗതിപോലെ, കേന്ദ്ര സർക്കാരിന് വേണ്ടിയോ സംസ്ഥാന സർക്കാരിന് വേണ്ടിയോ കോർപ്പറേഷന് വേണ്ടിയോ, അതിന് അവകാശപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം നൽകേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷേപിക്കപ്പെട്ട നഷ്ടപരിഹാരത്തുകയിൽ പല ആളുകൾക്കും താല്പര്യമുണ്ടെന്ന് അവകാശമുന്നയിക്കുന്നിടത്ത്, ക്ഷമതയുള്ള അധികാരസ്ഥാനം, അതിന്റെ അഭിപ്രായത്തിൽ നഷ്ടപരിഹാരം സ്വീകരിക്കുന്നതിന് അവകാശമുള്ള ആളുകളെയും അവരിൽ ഓരോരുത്തർക്കും നൽകേണ്ടതായ തുകയും നിശ്ചയിക്കേണ്ടതാണ്.

(5) നഷ്ടപരിഹാരമോ അതിന്റെ ഏതെങ്കിലും ഭാഗമോ വീതംവയ്ക്കുന്നതോ അല്ലെങ്കിൽ അതോ അതിന്റെ ഏതെങ്കിലും ഭാഗമോ നൽകേണ്ട ആളുകളെയോ സംബന്ധിച്ച് ഏതെങ്കിലും തർക്കം ഉത്ഭവിക്കുകയാണെങ്കിൽ, ക്ഷമതയുള്ള അധികാരസ്ഥാനം ആ ഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏത് ജില്ലാജഡ്ജിയുടെ നിയന്ത്രണത്തിലുള്ള അധികാരപരിധിയിലാണോ സ്ഥിതിചെയ്യുന്നത് അദ്ദേഹത്തിന്റെ തീരുമാനത്തിനായി ആ തർക്കം റഫർ ചെയ്യേണ്ടതും ജില്ലാജഡ്ജിയുടെ അതിന്മേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

12. ക്ഷമതയുള്ള അധികാരസ്ഥാനത്തിന് സിവിൽ കോടതികളുടെ ചില അധികാരങ്ങൾ ഉണ്ടായിരിക്കുമെന്ന്.—ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾക്കായി സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5) പ്രകാരം ഒരു വ്യവഹാരം വിചാരണ നടത്തുമ്പോൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച്, അതായത്:—

(ക) ഏതൊരാളെയും വിളിച്ചുവരുത്തുന്നതിനും ഹാജരാക്കിക്കുന്നതിനും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതിനും;

(ഖ) ഏതൊരു പ്രമാണവും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(ഗ) സത്യവാങ്മൂലങ്ങളിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്;

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖ ആവശ്യപ്പെടുന്നതിന്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷൻ പുറപ്പെടുവിക്കുന്നതിന്, ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

13. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—(1) ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും ചട്ടത്തിനോ വിജ്ഞാപനത്തിനോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനെങ്കിലും വേണ്ടി ഏതെങ്കിലും ആൾക്കെതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ ഏതെങ്കിലും ചട്ടത്തിനോ വിജ്ഞാപനത്തിനോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തെങ്കിലും മുഖേന ഉണ്ടായിട്ടുള്ളതോ ഉണ്ടാകാനിടയുള്ളതോ ആയ ഏതെങ്കിലും നാശത്തിനോ നഷ്ടത്തിനോ ക്ഷതത്തിനോ കേന്ദ്രസർക്കാരിനോ ക്ഷമതയുള്ള അധികാരസ്ഥാനത്തിനോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോ കോർപ്പറേഷനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

14. <u>സിവിൽ കോടതികളുടെ അധികാരതയ്ക്ക് വിലക്ക്.</u>—(1) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ഈ ആക്ടിനാലോ അതിൻപ്രകാരമോ ക്ഷമതയുള്ള അധികാര സ്ഥാനത്തിന് നിശ്ചയിക്കുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് യാതൊരു സിവിൽ കോടതിയ്ക്കും അധികാരിത ഇല്ലാത്തതും, ഈ ആക്റ്റിനാലോ അത് പ്രകാരമോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരത്തിന് അനുസൃതമായി എടുത്തതോ എടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും നടപടിയെ സംബന്ധിച്ച് ഏതെങ്കിലും കോടതിക്കോ മറ്റ് അധികാരസ്ഥാനത്തിനോ യാതൊരു നിരോധന ഉത്തരവും നൽകാൻ പാടുള്ളതുമല്ല.

[1][15. <u>പിഴശിക്ഷ.</u>—(1) 4-ാം വകുപ്പിനാലോ 7-ാം വകുപ്പിനാലോ 8-ാം വകുപ്പിനാലോ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ ചെയ്യുന്നതിൽ ഏതെങ്കിലും ആളെ മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ അല്ലെങ്കിൽ 4-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും കിടങ്ങോ അടയാളമോ മനഃപൂർവ്വം നികത്തുകയോ നശിപ്പിക്കുകയോ നാശനഷ്ടം വരുത്തുകയോ സ്ഥാനം മാറ്റുകയോ അല്ലെങ്കിൽ 9-ാം വകുപ്പ് പ്രകാരം നിരോധിക്കപ്പെട്ട, ഏതെങ്കിലും പ്രവൃത്തി മനഃപൂർവ്വം ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസക്കാലയളവുവരെ ആകാവുന്ന തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) 7-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ഏതെങ്കിലും പൈപ്പ്ലൈൻ ഏതെങ്കിലും അനധികൃത ബന്ധിക്കലോ നീക്കംചെയ്യലോ നശിപ്പിക്കലോ നാശനഷ്ടം വരുത്തലോ സ്ഥാനംമാറ്റലോ മനഃപൂർവ്വം ചെയ്യുകയോ ചെയ്യാനിടവരുത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ലൈനിൽനിന്നും പെട്രോളിയം ഉൽപ്പന്നങ്ങളോ മിനറലുകളോ വലിച്ചെടുക്കുന്നതിന് ഏതെങ്കിലും ഉപകരണം മനഃപൂർവ്വം തിരുകിക്കയറ്റുകയോ അല്ലെങ്കിൽ പൈപ്പ്ലൈനിൽ കൂടിയുള്ള എത്തിച്ചുകൊടുക്കൽ മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും, പത്ത് വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് കഠിനതടവിന് ശിക്ഷിക്കപ്പെടേണ്ടതും പിഴയ്ക്കുകൂടി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഒരു കുറ്റത്തിന് കുറ്റസ്ഥാപനം നടത്തപ്പെട്ട ഏതെങ്കിലും ആളെ അതേ വ്യവസ്ഥ പ്രകാരം ഒരു കുറ്റത്തിന് വീണ്ടും കുറ്റസ്ഥാപനം നടത്തപ്പെടുകയാണെങ്കിൽ, അയാൾ, രണ്ടാമത്തേതും പിന്നീടുള്ള ഓരോ കുറ്റത്തിനും മൂന്ന് വർഷത്തിൽ കുറയാത്തതും എന്നാൽ പത്ത് വർഷത്തോളം ആകാവുന്നതുമായ കാലത്തേയ്ക്ക് കഠിനതടവിന് ശിക്ഷിക്കപ്പെടേണ്ടതാണ്:

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ പ്രസ്താവിക്കപ്പെടേണ്ട ഏതെങ്കിലും മതിയായതും പ്രത്യേകവുമായ കാരണങ്ങളാൽ മൂന്നുവർഷത്തിൽ കുറവായുള്ള ഒരു കാലത്തേയ്ക്ക് തടവുശിക്ഷ ചുമത്താവുന്നതുമാണ്.

(4) ഏതൊരാളാണോ, 7-ാം വകുപ്പുപ്രകാരം സ്ഥാപിച്ച ഏതെങ്കിലും പൈപ്പ്ലൈനിന് നാശനഷ്ടമോ നശീകരണമോ വരുത്തുവാനുള്ള ഉദ്ദേശ്യത്തോടെ അല്ലെങ്കിൽ വരുത്തുവാൻ ഇടയാക്കുമെന്ന് അറിഞ്ഞുകൊണ്ട്, അഗ്നി അല്ലെങ്കിൽ സ്ഫോടകവസ്തു മുഖേനയോ മറ്റുവിധത്തിലോ, പെട്രോളിയം ഉൽപ്പന്നങ്ങളോ ക്രൂഡ് ഓയിലോ ഗ്യാസോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പൈപ്പ്ലൈനിന്, അട്ടിമറി നടത്താനുള്ള ഉദ്ദേശ്യത്തോടെയോ അങ്ങനെയുള്ള പ്രവൃത്തി അത് മിക്കവാറും ഏതെങ്കിലും ആളിന്റെ മരണത്തിനോ ഏതെങ്കിലും ആളിന്റെ മരണത്തിന് കാരണമാകാൻ ഇടയാക്കുന്ന അങ്ങനെയുള്ള ശാരീരിക ക്ഷതത്തിനോ കാരണമാകുംവിധം ആസന്നമായി അപായകരമാണെന്നുള്ള അറിവോടെയോ നാശനഷ്ടം വരുത്തുന്നത്, അയാൾ പത്തുവർഷത്തിൽ കുറയാതെയും എന്നാൽ ജീവപര്യന്തമോ മരണംവരെയോ ആകാവുന്നതുമായ കഠിനതടവിന് ശിക്ഷിക്കപ്പെടേണ്ടതുമാണ്.

16. <u>ഏതാനും കുറ്റങ്ങൾ നടപടിക്കെടുക്കണമെന്ന്.</u>—ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെയടങ്ങിയിരുന്നാലും, 15-ാം വകുപ്പ് (2), (3), (4) എന്നീ ഉപവകുപ്പുകളിൻകീഴിൽ വരുന്ന ഒരു കുറ്റം ആ നിയമസംഹിതയുടെ അർത്ഥവ്യാപ്തിക്കുള്ളിൽ നടപടിക്കെടുക്കേണ്ടതും ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും ആണെന്ന് കരുതപ്പെടേണ്ടതാണ്.

---

1. പെട്രോളിയവും മിനറലുകളും പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 2011 (2012-ലെ 9) 2-ാം വകുപ്പുപ്രകാരം 15-ഉം 16-ഉം വകുപ്പുകൾക്ക് പകരം ചേർത്തത് (12-1-2012 മുതൽ പ്രാബല്യം).

[16ക. ചില കേസുകളിൽ തെളിയിക്കേണ്ട ഭാരം.—15-ാം വകുപ്പ് (2)-ാം ഉപവകുപ്പോ (4)-ാം ഉപവകുപ്പോ പ്രകാരം അങ്ങനെയുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നതിൽ ഉപയോഗിച്ച ഏതെങ്കിലും ആയുധമോ വാഹനമോ അല്ലെങ്കിൽ ഏതെങ്കിലും ഇനമോ സഹിതം ഏതെങ്കിലും പെട്രോളിയം ഉൽപ്പന്നം 7-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച പൈപ്പ്ലൈനിൽനിന്ന് അങ്ങനെയുള്ള പെട്രോളിയം ഉൽപ്പന്നം മോഷ്ടിക്കപ്പെട്ടതാണെന്ന ന്യായമായ വിശ്വാസത്തിൽ ഈ ആക്റ്റ് പ്രകാരം പിടിച്ചെടുക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള പിടിച്ചെടുക്കൽ ഏതെങ്കിലും ആളുടെ കൈവശത്തിൽനിന്നും നടത്തിയിട്ടുള്ള സംഗതിയിൽ, അവ മോഷ്ടിക്കപ്പെട്ട വസ്തുവല്ലെന്ന് തെളിയിക്കേണ്ട ഭാരം,—

(i) ആരുടെ കൈവശത്തിൽ നിന്നാണോ വസ്തു പിടിച്ചെടുത്തത് ആ ആളിൻമേലും; കൂടാതെ

(ii) ആരുടെ കൈവശത്തിൽ നിന്നാണോ മോഷ്ടിക്കപ്പെട്ട വസ്തു പിടിച്ചെടുത്തത് ആ ആൾ അല്ലാതെയുള്ള ഏതെങ്കിലും ആൾ അതിന്റെ ഉടമസ്ഥനാണെന്ന് അവകാശപ്പെടുകയാണെങ്കിൽ ആ ആളിൻമേലും,

ആയിരിക്കേണ്ടതാണ്.

16ഖ. വസ്തു സംബന്ധിച്ച അനുമാനം.—ഈ ആക്റ്റ് പ്രകാരം ഏതെങ്കിലും നടപടി എടുക്കുമ്പോഴോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം ചെയ്യപ്പെട്ട എന്തിന്റെയെങ്കിലും അനന്തരഫലമായോ, ഏതെങ്കിലും പെട്രോളിയം ഉൽപ്പന്നം കോർപ്പറേഷന്റെ വസ്തുവാണോ എന്നതിനെ സംബന്ധിച്ച ഒരു ചോദ്യം ഉത്ഭവിച്ചാൽ, എതിരായി തെളിയിക്കപ്പെടാത്ത പക്ഷം, കോടതിക്ക്, അങ്ങനെയുള്ള പെട്രോളിയം ഉൽപ്പന്നം കോർപ്പറേഷന് സ്വന്തമാണെന്ന് അനുമാനിക്കാവുന്നതാണ്.

16ഗ. ജാമ്യം സംബന്ധിച്ച വ്യവസ്ഥകൾ.—(1) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തുതന്നെയടങ്ങിയിരുന്നാലും, 15-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റത്തിന് കുറ്റാരോപിതനായ യാതൊരാളെയും, കസ്റ്റഡിയിലാണെങ്കിൽ, ജാമ്യത്തിന്മേലോ അയാളുടെ സ്വന്തം ബോണ്ടിന്മേലോ,—

(ക) പബ്ലിക് പ്രോസിക്യൂട്ടർക്ക് അങ്ങനെയുള്ള വിടുതലിനുള്ള അപേക്ഷ എതിർക്കാനുള്ള ഒരു അവസരം നൽകുകയും; കൂടാതെ

(ഖ) പബ്ലിക് പ്രോസിക്യൂട്ടർ അപേക്ഷ എതിർക്കുന്നിടത്ത്, അങ്ങനെയുള്ള കുറ്റത്തിന് അയാൾ അപരാധിയല്ലെന്നും ജാമ്യത്തിലായിരിക്കുമ്പോൾ അയാൾ ഏതെങ്കിലും കുറ്റം ചെയ്യാൻ ഇടയില്ലെന്നും വിശ്വസിക്കുന്നതിന് ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് കോടതിക്ക് ബോധ്യപ്പെടുകയും ചെയ്യാത്തപക്ഷം,

വിടുതൽ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ജാമ്യം അനുവദിക്കുന്നതിന്മേലുള്ള പരിമിതികൾ ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2) പ്രകാരമുള്ള പരിമിതികൾക്ക് അല്ലെങ്കിൽ ജാമ്യം അനുവദിക്കുന്നതിന്മേൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിന് പുറമേ ആയിരിക്കുന്നതാണ്.

(3) ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 439-ാം വകുപ്പ് പ്രകാരം ജാമ്യം സംബന്ധിച്ചുള്ള ഹൈക്കോടതിയുടെ പ്രത്യേക അധികാരങ്ങളെ ബാധിക്കുന്നതായി കരുതപ്പെടാൻ പാടുള്ളതല്ല.

16ഘ. ക്രിമിനൽ നടപടി നിയമസംഹിത, 1973-ലെ 438-ാം വകുപ്പ് ബാധകമല്ലെന്ന്.—ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ലെ 438-ാം വകുപ്പിലുള്ള യാതൊന്നും 15-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തിട്ടുള്ളതായി ആരോപിക്കുന്നതിന്മേൽ, ഏതൊരാളുടെയും അറസ്റ്റ് ഉൾപ്പെടുന്ന ഏതൊരു കേസ് സംബന്ധിച്ചും ബാധകമാകുന്നതല്ല.]

17. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ [1][വ്യവസ്ഥകൾ] നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിന്റെ സാരാംശം ഏതൊക്കെ സ്ഥലങ്ങളിലും ഏത് രീതിയിലുമാണ് പ്രസിദ്ധീകരിക്കപ്പെടാവുന്നത്;

(ഖ) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നഷ്ടപരിഹാരത്തുക ഏത് സമയത്തിനുള്ളിലും ഏത് രീതിയിലുമാണ് നിക്ഷേപിക്കപ്പെടാവുന്നത്.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, [2][മുൻപറഞ്ഞ സമ്മേളനത്തിനോ തുടർന്നുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്], ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിൽ, അതതുസംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ, പ്രഭാവമില്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും അതിന്റെ ഫലമായി അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്തവിധം ആയിരിക്കേണ്ടതുമാണ്.

18. മറ്റ് നിയമങ്ങളുടെ ബാധകത തടസ്സപ്പെടുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ വസ്തു ആർജ്ജനവുമായി ബന്ധപ്പെട്ട് തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിന് പുറമെയുള്ളതും അതിന് ന്യൂനത വരുത്താതും ആയിരിക്കുന്നതുമാണ്.

---

1. പെട്രോളിയം പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13) 10-ാം വകുപ്പ് പ്രകാരം "ഉദ്ദേശ്യങ്ങൾ" എന്ന വാക്കിന് പകരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).

2. പെട്രോളിയം പൈപ്പ്ലൈനുകൾ (ഉപയോക്താവിന്റെ ഭൂമിയിലുള്ള അവകാശ ആർജ്ജനം) ഭേദഗതി ആക്റ്റ്, 1977 (1977-ലെ 13) 10-ാം വകുപ്പ് പ്രകാരം ചേർത്തത് (3-2-1977 മുതൽ പ്രാബല്യം).